# “ദൈവം ഏതിനും മതിയായവൻ”

## യെശയ്യാവു 59:1–2

“രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയതു.’’

എല്ലാവർക്കും സുപരിചിതവും മന:പാഠവുമായ ഒരു വാകൃമാണിത്. ഇവിടെ വളരെ വൃക്തമായി പറയുന്നു അവൻ നമ്മുടെ പ്രാർത്ഥന കേൾക്കുന്നുണ്ട്, നമ്മെ രക്ഷിക്കാൻ അവൻ ഇന്നും മതിയായവനാണ്; എങ്കിൽ എന്തു കൊണ്ട് നമ്മുടെ പല യാചനകൾക്കും മറുപടി ലഭിക്കുന്നില്ല? യഹോവയുടെ കൈകൾ കുറുകിയതു കൊണ്ടോ? ചെവികൾ മന്ദമായിട്ടോ അല്ല; പിന്നെയോ നമ്മുടെ നിരവധിയായ പാപങ്ങൾ മാത്രമാണ് അതിന്നു കാരണം. നമ്മുടെ അകൃത്യങ്ങളാകുന്ന വന്മതിലിൽ തട്ടിയിട്ട് നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്താതെ പോകുന്നു. ഈ മതിൽ നമ്മെ ദൈവത്തിന്റെ മുഖത്തേക്ക് നോക്കുന്നതിൽ നിന്നും ഒരു മറവായിരിക്കുന്നു.

അങ്ങനെയെങ്കിൽ നമുക്ക് നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാം. അവന്റെ തിരുരക്തത്താൽ കഴുകൽ പ്രാപിക്കാം. അവന്റെ വിശുദ്ധിക്കൊത്തവണ്ണം വിശുദ്ധിയുള്ളവരാകാൻ ശ്രമിക്കാം. അപ്പോൾ ഈ മതിൽ ഇടിഞ്ഞു വീഴും. നാമും ദൈവവും തമ്മിലുള്ള ദൂരം കുറയും. അപ്പോൾ അവന്റെ മുഖപ്രകാശം നമ്മുടെമേൽ ഉദിക്കും. നമ്മുടെ മുഖം ലജ്ജിക്കാതെ പ്രകാശപൂരിതമാകും. അപ്പോൾ നമുക്കുള്ള വിധി അവന്റെ സന്നിധിയിൽ നിന്നും പുറപ്പെടും; അവന്റെ വലങ്കൈയ്യാൽ നമ്മെ അവൻ രക്ഷിക്കും. അതിനായി പരിശ്രമിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 34:5**

“അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 010